"ഭരണഭാഷ-മാതൃഭാഷ"

## വ്യാവസായിക പരിശീലന വകുപ്പ്
**(കേരള സംസ്ഥാനം)**

നമ്പർ: എ4/1976/2012

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 22/1/2013

## ചുറ്ററിയിപ്പ്

ഈ വകുപ്പിലെ ജീവനക്കാർക്ക് ഹയർ ഗ്രേഡ് അനുവദിയ്ക്കുന്നതിനും, പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനും മറ്റുമായി ശുപാർശകൾ സബ് ഓഫീസുകളിൽ നിന്നും ഡയറക്ടറേറ്റിൽ ലഭിക്കാറുണ്ട്. ആയതിനൊപ്പം ജീവനക്കാരുടെ സേവന പുസ്തകവും ലഭിക്കാറുണ്ട്. എന്നാൽ പല സേവന പുസ്തകങ്ങളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെയാണ് ശുപാർശയോടൊപ്പം അയച്ചു തരുന്നത്. കൂടാതെ പ്രോപ്പോസലുകൾ അപൂർണ്ണമാണ്. ഹയർഗ്രേഡ് പ്രോബേഷൻ, ദീർഘകാല അവധി എന്നിവയ്ക്കായുള്ള ശുപാർശകളോടൊപ്പം സർവ്വീസ് ബുക്ക് അയയ്ക്കുമ്പോൾ അയക്കുന്ന ദിവസം വരെയുള്ള സർവ്വീസ് വെരിഫൈ ചെയ്ത് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തേണ്ടതാണ്. ഇല്ലാതെ ലഭിക്കുന്ന ശുപാർശകൾ തിരികെ അയക്കുന്നതാണ്. കൂടാതെ പ്രോപ്പോസലുകൾ എല്ലാ കോളവും പൂരിപ്പിച്ചു നൽകേണ്ടതാണ്. ഇത്തരത്തിൽ ശുപാർശകൾ മടക്കി അയക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഇതിനുത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതുമാണെന്ന് അറിയിക്കുന്നു. ഈ ചുറ്ററിയിപ്പിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

എല്ലാ സബ് ഓഫീസുകൾക്കും

A 28-1-2013